**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2133** **06-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇത്തരം കുട്ടികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു.<br><br>തിരുവനന്തപുരം 460<br><br>കൊല്ലം 244<br><br>പത്തനംതിട്ട 103<br><br>ആലപ്പുഴ 269<br><br>കോട്ടയം 318<br><br>ഇടുക്കി 110<br><br>എറണാകുളം 270<br><br>തൃശ്ശൂർ 756<br><br>പാലക്കാട് 554<br><br>മലപ്പുറം 442<br><br>വയനാട് 38<br><br>കോഴിക്കോട് 244<br><br>കണ്ണൂർ 336<br><br>കാസർഗോഡ് 100<br><br>എന്നിങ്ങനെ ആകെ കുട്ടികളുടെ എണ്ണം 4244 ആകുന്നു.<br><br>കോവിഡ് ബാധിച്ച് മാതാപിതാക്കൾ ഇരുവരും മരിച്ച കുട്ടികളുടെയും , മാതാപിതാക്കളിൽ ഒരാൾ നേരത്തെ മരിച്ചതും ശേഷിക്കുന്ന ആൾ കോവിഡ് ബാധിച്ച് ഇപ്പോൾ മരിച്ചതുമായ എല്ലാ കുട്ടികൾക്കും 18 വയസ് |

പൂർത്തീകരിക്കുന്നത് വരെ പ്രതിമാസം 2000 രൂപ നിരക്കിൽ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെ പേരിലുമുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനോടൊപ്പം തന്നെ അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപ സ്ഥിര നിക്ഷേപവും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്.

ആയത് പ്രകാരം പി എം കെയർ പോർട്ടലിൽ ചേർത്തിട്ടുള്ളതും , ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് അംഗീകരിച്ചതുമായ 136 കുട്ടികൾക്ക് 3 ലക്ഷം രൂപ വീതം സ്ഥിര നിക്ഷേപതുകയും പ്രതിമാസ സ്പോൺസർഷിപ്പ് തുകയും സംസ്ഥാന സർക്കാരിലൂടെ അനുവദിച്ചിട്ടുണ്ട്.

സർക്കാർ സഹായത്തിന് അർഹരായ കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചിലവ് കുട്ടികളുടെ അപേക്ഷയിന്മേൽ ജില്ലാശിശു സംരക്ഷണ ആഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അതാതു സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വനിത ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് തുക അനുവദിക്കുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ പി എം കെയർ പദ്ധതിയിലൂടെ 10 ലക്ഷം രൂപ വീതം കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ട് പേരും മരണപ്പെട്ട കുട്ടികൾക്ക് 23 വയസ് പൂർത്തിയാകുമ്പോൾ പോസ്റ്റ് ഓഫീസ് അക്കൗണ്ട് മുഖേന ലഭ്യമാക്കുന്നതാണ്. കൂടാതെ സെൻട്രലി സ്പോൺസേഡ് സ്കീമിലൂടെ (സിപിഎസ്) 2000 /- രൂപ വീതം കുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുന്ന വരെ കുട്ടിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു.

ആയത് പ്രകാരം കേന്ദ്രസർക്കാർ മുഖേന 10 ലക്ഷം രൂപ അനാഥരായ 112 കുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിനോടൊപ്പം സെൻട്രലി സ്പോൺസേഡ് സ്കീം (സിപിഎസ്) മുഖേന 18 വയസ് പൂർത്തീകരിക്കുന്നത് വരെ നൽകുന്ന പ്രതിമാസ സെൻട്രൽ സ്പോൺസർഷിപ്പ് തുക ടി വിഭാഗത്തിൽ വരുന്ന അനാഥരായ 101 കുട്ടികൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ